ബാപ്പുജി വിജ്ഞാനകേന്ദ്രം

56(1110) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവ വിഭവശേഷി വികസനത്തിനായി ബാപ്പുജി വിജ്ഞാനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിൽ എന്നാണ് ആരംഭിച്ചത്; എവിടെയെല്ലാം ആരംഭിച്ചു;

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ വകുപ്പിൽ മാനവ വിഭവശേഷി വികസനത്തിനായി ബാപ്പുജി വിജ്ഞാനകേന്ദ്രം സ്ഥാപിച്ചിട്ടില്ല.

(ബി-ഡി)ബാധകമല്ല.

അദ്ധ്യാപക പാക്കേജ്

57(1111) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉത്തരവായ അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പാക്കേജിന്റെ കാര്യത്തിലുണ്ടായ കോടതിവിധി അതിനെ ഏതൊക്കെ വിധത്തിലാണ് ബാധിക്കുകയെന്ന കാര്യം വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങൾക്കും, സാമ്പത്തിക സ്ഥിതിക്കും, അദ്ധ്യാപകരുടെ താല്പര്യങ്ങൾക്കും ഹാനികരമാവാത്തവിധം പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിരവധി വർഷങ്ങളായി നിയമനാംഗീകാരവും ശമ്പളവുമില്ലാതെ നിന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളവും നിയമനാംഗീകാരവും നൽകുക. യു.ഐ.ഡി. അടിസ്ഥാനമാക്കിയുള്ള തസ്തിക നിർണ്ണയവും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയശേഷമുള്ള നിയമനവും നടപ്പിലാക്കുന്നതുവഴി ക്രമക്കേടുകൾ തടയുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് അദ്ധ്യാപക പാക്കേജ് രൂപവൽക്കരിച്ചത്.

(ബി&സി) സർക്കാരിന്റെ മുൻകൂർ അനുമതി തേടിയശേഷമുള്ള നിയമനവും 2010-11 വർഷത്തെ അടിസ്ഥാനമാക്കിയുള്ള തസ്തിക നിർണ്ണയവും ഇതു സംബന്ധിച്ച തുടർ നിർദ്ദേശങ്ങളും കോടതി റദ്ദു ചെയ്തിട്ടുണ്ട്. എന്നാൽ പാക്കേജുമായി ബന്ധപ്പെട്ട കോടതിവിധികൾ ഹാനികരമായി ബാധിക്കാത്ത തരത്തിൽ പാക്കേജിലൂടെ അംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് സംരക്ഷണം നൽകി സർക്കാർ 29-1-2016-ലെ സ.ഉ(പി) 29/2016/പൊ.വി.വ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അദ്ധ്യാപകരുടെ താൽപര്യങ്ങൾക്കോ വിദ്യാഭ്യാസ നയത്തിനോ സാമ്പത്തികാവസ്ഥയ്ക്കോ ഹാനികരമാവില്ലായെന്നു വിലയിരുത്തിയിട്ടാണ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്.

കാക്കാഴം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

58(1112) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കാഴം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നാണ് സർക്കാർ ഏറ്റെടുത്തത്; ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) സ്കൂൾ വക സ്വത്തുക്കൾ സർക്കാരിന് നൽകുന്ന ഗിഫ്റ്റ്ഡീഡ് അംഗീകരിച്ചുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ സ്കൂളിലെ ജീവനക്കാരുടെ ശമ്പളം, വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ എല്ലാ കാര്യങ്ങളും സർക്കാർ നിയോഗിച്ച ഹെഡ്മാസ്റ്റർ ഉണ്ടെങ്കിൽപ്പോലും ഇപ്പോഴും ജില്ലാ വിദ്യാഭ്യാസ ഓഫീസിലാണ് പാസ്സാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രൊബേഷൻ പ്രഖ്യാപനം പോലും നടത്താതെ അഞ്ചു വർഷമായി വാർഷിക ഇൻക്രിമെന്റ് പോലും ലഭിക്കാതെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly